## പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.268 — 09.03.2015 ന് മറുപടിയ്ക്ക്.

## വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) (1) കാട്ടാനകളുടേയും മറ്റു വന്യജീവികളുടേയും ആക്രമണം മൂലമുള്ള കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ വനാതിർത്തിയിൽ പ്രതിരോധ കിടങ്ങുകൾ കുഴിയ്ക്കൽ, വൈദ്യുത കമ്പിവേലികൾ സ്ഥാപിക്കൽ, കയ്യാലകളും, ആന പ്രതിരോധ മതിലുകളും നിർമ്മിക്കൽ, ജൈവവേലി വച്ചുപിടിപ്പിക്കൽ, ജീവനും, സ്വത്തിനും, വിളകൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നല്കൽ, വനവാസികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ, നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തിരിച്ചയക്കുന്നതിനും, വനാതിർത്തിയിലെ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും ദ്രുതകർമ്മസേന രൂപീകരിക്കൽ എന്നിവ.<br>(2) വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ പതിമൂന്നിന അടിസ്ഥാന വികസന സൗകര്യങ്ങൾക്കായി ഓരോ ഹെക്ടർ വരെ വനഭൂമി അനുവദിക്കുന്നു.<br>(3) വനാതിർത്തിയിൽ താമസിക്കുന്ന ആളുകളുടെ കൈവശമുള്ള വനേതര ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ മുറിച്ചുകടത്തിക്കൊണ്ടു പോകുന്നതിനുള്ള നടപടി ക്രമം 2005-ലെ വനേതരപ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമവും, ബന്ധപ്പെട്ട ചട്ടങ്ങളും വഴി ലഘൂകരിച്ചു.<br>(4) വനത്തിൽ താമസിക്കുന്ന ആദിവാസികളുടെ ഭവന നിർമ്മാണത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് സൗജന്യ നിരക്കിലും തടി ലഭ്യമാക്കുന്നു.<br>(5) വനവാസികളുടേയും, വനാതിർത്തിയിൽ താമസിക്കുന്നവരുടേയും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും, ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര-സംസ്ഥാന ഫണ്ടുപയോഗിച്ച് വനവൽക്കരണ പദ്ധതികൾ നടപ്പാക്കുന്നു.<br>(6) ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന തടിയിതര വിഭവങ്ങൾ ശേഖരിച്ച് മൂല്യവർദ്ധന നടത്തി വിപണിയിലെത്തിക്കുന്നതിനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും വനശ്രീ വിപണന കേന്ദ്രങ്ങൾ നടത്തുന്നു. |

| | |
|---|---|
| | (7) അട്ടപ്പാടിയിലെ കുറുമ്പ വിഭാഗത്തിന്റേയും, ഇടമലക്കുടിയിലെ മുതുവ വിഭാഗത്തിന്റേയും സമഗ്ര വികസനത്തിനായി സംയോജിത ഊരുവികസന പദ്ധതി നടപ്പാക്കുന്നു.<br>(8) വനത്തിനുള്ളിലെ 725 ആദിവാസി സെറ്റിൽമെന്റുകൾ കേന്ദ്രീകരിച്ച് സുപ്രധാന വികസന സംരംഭങ്ങൾ "ഊരിനുണർവ്വ് കാടിനുണർവ്വ് " എന്ന പേരിൽ "മിഷൻ 676"ന്റെ ഭാഗമായി നടപ്പാക്കുന്നു.<br>(9) വനാതിർത്തിയിൽ താമസിക്കുന്നവരുടെ ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ രജിസ്ട്രേഷൻ വകുപ്പിലേക്ക് വനം വകുപ്പ് എൻ.ഒ.സി നൽകുന്നതിനുള്ള കാലതാമസം പരമാവധി ഒഴിവാക്കുന്നു. |
| (ബി) വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിൽ താമസിക്കുന്ന ഗോത്ര വർഗ്ഗക്കാരെ മാറ്റിപ്പാർപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി സങ്കേതത്തിലെ 14 ഊരുകളിൽ നിന്നും 800 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് 80 കോടി രൂപ ചെലവ് വരുന്ന സ്വയം സന്നദ്ധതാ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഗോളൂർ, അമ്മവയൽ, കൊറ്റങ്കര, അരാകുഞ്ചി എന്നീ കോളനികളിലെ 110 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായി. കുറിച്യാട്ട്, ഈശ്വരൻകൊല്ലി, നരിമുണ്ടകൊല്ലി എന്നീ ഊരുകളുടെ പുനരധിവാസം നടന്നു വരുന്നു. ഈ പദ്ധതിക്കായി ഇതുവരം 1780 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സമൂഹങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ; വിശദമാക്കാമോ? | (സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളിലുള്ളവരും തമ്മിൽ നല്ല ബന്ധമാണുള്ളത്. വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് ഗോത്രവർഗ്ഗക്കാരും, മറ്റ് സെറ്റിൽമെന്റുകളിലുള്ളവരും തമ്മിലുള്ള പരസ്പര ബന്ധം കൂടുതൽ മെച്ചപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.